<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3408**</u> <u>**11-03-2025 - ൽ മറുപടിയ്ക്ക്**</u>

<u>**വെസ്റ്റ്ഹിൽ ബീച്ചിൽ ഹെൽത്ത് വെൽനെസ്സ് സെന്റർ ആരംഭിക്കാൻ സ്ഥലം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് വെസ്റ്റ്ഹിൽ ബീച്ചിൽ ഹെൽത്ത് വെൽനെസ്സ് സെന്റർ ആരംഭിക്കാൻ സ്ഥലം അനുവദിക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചത്; വിശദമാക്കാമോ; | (എ) | പരിഗണനയിലുണ്ട്. കോഴിക്കോട് ജില്ലയിൽ തോപ്പയിൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള റീ.സ.456/1-ൽപ്പെട്ട 10 സെന്റ് ഭൂമി ഹെൽത്ത് & വെൽനസ്സ് സെന്റർ സ്ഥാപിക്കുന്നതിനായി നഗരസഭയ്ക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതു പ്രകാരം, 2 സേവന വകുപ്പുകൾ തമ്മിൽ മാത്രമേ ഭൂമി കൈമാറ്റം സാധ്യമാവുകയുള്ളു എന്നുള്ളതിനാൽ, പ്രസ്തുത ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കാൻ കോഴിക്കോട് നഗരസഭാ സെക്രട്ടറിയോട് ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ച് ടി സ്ഥലം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്ഥലം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പരിഗണനയിലുണ്ട്. കോഴിക്കോട് ജില്ലയിൽ തോപ്പയിൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള റീ.സ.456/1-ൽപ്പെട്ട 10 സെന്റ് ഭൂമി ഹെൽത്ത് & വെൽനസ്സ് സെന്റർ സ്ഥാപിക്കുന്നതിനായി നഗരസഭയ്ക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതു പ്രകാരം, 2 സേവന വകുപ്പുകൾ തമ്മിൽ മാത്രമേ ഭൂമി കൈമാറ്റം സാധ്യമാവുകയുള്ളു എന്നുള്ളതിനാൽ, പ്രസ്തുത ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കാൻ കോഴിക്കോട് നഗരസഭാ സെക്രട്ടറിയോട് ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ച് ടി സ്ഥലം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ